## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 90 — 12-06-2013- ൽ മറുപടിയ്ക്ക്

### റിവർ ബേസിൻ അതോറിറ്റി രൂപീകരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.മുരളീധരൻ<br>ശ്രീ.പി.സി.വിഷ്ണുനാഥ്<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.ഷാഫി പറമ്പിൽ | | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് 'റിവർ ബേസിൻ അതോറിറ്റി' രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | നദീതട ബോർഡുകളും തണ്ണീർത്തട വികസന ബോർഡുകളും സംസ്ഥാന നദി-തണ്ണീർത്തട അതോറിറ്റിയും രൂപീകരിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള വ്യവസ്ഥകൾ 2013-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ: | (ബി) | കാലാവസ്ഥ, ജലശാസ്ത്രം, ജലഗുണനിലവാരം എന്നിവ സംബന്ധിച്ചുള്ള വസ്തുതകൾ നിരീക്ഷിക്കുകയും നദീതടങ്ങളുടെ സമഗ്രപരിപാലനത്തിനാവശ്യമായ ഡാറ്റാബാങ്ക് സൂക്ഷിക്കുകയും സാങ്കേതിക-സാമൂഹിക-സാമ്പത്തിക-പരിസ്ഥിതി ഘടകങ്ങൾക്ക് അർഹിക്കുന്ന പ്രാധാന്യം നൽകിക്കൊണ്ട് പദ്ധതികൾ രൂപീകരിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യുക തുടങ്ങി ബില്ലിന്റെ 7എഫ് ഖണ്ഡത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള എല്ലാ സംഗതികൾക്കുമായാണ് നദീതട ബോർഡുകൾ രൂപീകരിക്കാനുദ്ദേശിച്ചിട്ടുള്ളത്. നദീ തട ബോർഡുകളുടെയും തണ്ണീർത്തട വികസന ബോർഡുകളുടെയും അപ്പക്സ് ബോഡിയായിട്ടാണ് സംസ്ഥാന നദി-തണ്ണീർത്തട അതോറിറ്റി രൂപീകരിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | എന്തെല്ലാം ക്വാസി-ജുഡീഷ്യൽ അധികാരങ്ങളാണ് പ്രസ്തുത അതോറിറ്റിക്ക് നൽകാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (സി) | ക്വാസി-ജുഡീഷ്യൽ അധികാരങ്ങളൊന്നും പ്രസ്തുത ബില്ലിൽ പരാമർശിക്കുന്നില്ല. |
| (ഡി) | ഇതിനുള്ള നിയമനിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | 2013-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ബിൽ 184-ാം നമ്പരായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. |

Bindu

**സെക്ഷൻ ഓഫീസർ.**